**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/02/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: ഏപ്രിൽ -02- 2024**

| | | |
|---|---|---|
| <u>പരാതിക്കാരൻ</u> | : | ശ്രീ. സ്റ്റാൻലി അൽഫോൻസാ, വിവിൻ നിവാസ്, കാക്കോട്ടുമൂല, മയ്യനാട് പി.ഓ., കൊല്ലം ജില്ല-691303. |
| <u>എതിർകക്ഷി</u> | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കൊട്ടിയം, കൊല്ലം ജില്ല. |

# <u>ഉത്തരവ്</u>

## <u>പരാതിയുടെ പശ്ചാത്തലം</u>

പരാതിക്കാരനായ ശ്രീ സ്റ്റാൻലി അൽഫോൻസാ ലൈസൻസിയുടെ (KSEBL) മയ്യനാട് ഇലക്ട്രിക് സെക്ഷനിലെ ഒരു ഗാർഹിക ഉപഭോക്താവാണ്. ഉപഭോക്തൃ നമ്പർ 1145809007550. 2022 സെപ്റ്റംബർ മാസം 5-ആം തീയതി വസ്തുവിൽ അതിക്രമിച്ചു കടക്കുകയും 30 അടിയുള്ള ഒരു കോൺക്രീറ്റ് പോസ്റ്റ് സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വീടിന്റെ പുറകുവശത്തുകൂടി പോകുന്ന വൈദ്യുത ലൈൻ താഴ്ന്നു കിടന്നതിനാൽ അത് ഉയർത്തുന്നതിനു വേണ്ടിയാണ് അത് സ്ഥാപിച്ചത് എന്നാണ് എതിർകക്ഷി അഭിപ്രായപ്പെടുന്നത്. പരാതിക്കാരന് വൈദ്യുത കണക്ഷൻ നൽകിയിരിക്കുന്നത് ഏകദേശം 30 വർഷങ്ങൾക്കു മുൻപ് അയൽക്കാരന്റെ പറമ്പിൽ നിൽക്കുന്ന പോസ്റ്റിൽ നിന്നും അദ്ദേഹത്തിന്റെ അനുമതി വാങ്ങിയാണ്. പ്രസ്തുത പോസ്റ്റ് ലൈസൻസി വേറൊരു അയൽക്കാരന് എളുപ്പത്തിൽ കണക്ഷൻ നൽകാൻ വേണ്ടി സ്ഥാപിച്ചതാകാമെന്ന് ആരോപിക്കുന്നു. എത്രയും പെട്ടെന്ന് ഈ പോസ്റ്റ് പരാതിക്കാരന്റെ പുരയിടത്തിൽ നിന്നും മാറ്റിസ്ഥാപിക്കണമെന്നതാണ് ആവശ്യം. CGRF-ൽ കൊടുത്ത പരാതിയിന്മേൽ വാദം കേട്ടശേഷം 27/11/2023-ൽ ഉത്തരവ്

ഇറക്കിയിരുന്നു. അതിന്റെ അപ്പീലായിട്ടാണ് ഇവിടെ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ഈ അപ്പീൽ പരാതി കൊട്ടാരക്കര CGRF ൽ ഫയൽ ചെയ്തിന്ന OP NO. 56/2023ന്റെ 27/11/2023 ലെ ഉത്തരവിന് മേലുള്ള അപ്പീൽ ആകുന്നു. പരാതിക്കാരൻ ഫയൽ ചെയ്തിരുന്ന OP NO. 56/2023 ൽ ഒരു എതിർകക്ഷി മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ CGRF ന്റെ ഉത്തരവിലെ ഒന്നാം എതിർകക്ഷി എങ്ങനെ വന്നുചേർന്നു എന്ന് അറിവുള്ളതല്ല.

പരാതിക്കാരന്റെ ഒരു അനുമതിയും ഇല്ലാതെ ധിക്കാരപൂർവ്വം വീട്ടിൽ അതിക്രമിച്ചു കയറി ഒരു പോസ്റ്റ് നാട്ടുകയും, മോഷണം നടത്തുകയും ചെയ്തിട്ട് അതിനെ ന്യായീകരിക്കുകയും പരാതിക്കാരനെ നിശബ്ദനാകുകയും ചെയ്യാൻ ADM നെയല്ല ചീഫ് സെക്രട്ടറിയെ തന്നെ ചുമതലപ്പെടുത്തിയാലും ന്യായീകരണം അർഹിക്കുന്നില്ല. ആയതിന് ADM ന് ഒരു അധികാരവുമില്ല, അതും ഒരു സീനിയർ സിറ്റിസന്റെ വീട്ടിൽ. ടി കേസിനെ വിചാരണ 14/11/2023 ൽ CGRF ൽ നടന്നു. എതിർകക്ഷിക്ക് വേണ്ടി എന്തോ ഡെസിഗ്നേഷനുള്ള ഒരു ലേഡി ഫോറം സമക്ഷം ഹാജരായിട്ട് 13/11/2023 ൽ (തലേ ദിവസം) തർക്ക വസ്തു ആയ പോസ്റ്റ് മാറ്റി എന്ന കള്ളം അവതരിപ്പിച്ചു. KSEB യുടെ CGRF അവരുടെ തന്നെ സ്റ്റാഫിനെ എന്തു കള്ളവും പറയാം, വിശ്വസിക്കപ്പെടും എന്ന അവസ്ഥ രാജ്യത്ത് അനീതി നടമാടുന്നു എന്നതിന്റെ തെളിവാണ്. ഇത് ഒരു തരത്തിലും നീതീകരിക്കാൻ കഴിയുന്നതല്ല.

നിയമവിരുദ്ധമായി അനുമതിയില്ലാതെ സ്ഥാപിച്ച പോസ്റ്റ് മാറ്റിയിട്ടുണ്ടെങ്കിൽ ടി കക്ഷിയുടെ ഒരു സ്റ്റേറ്റ്മെന്റ്, ഒരു തുണ്ട് പേപ്പർ പോലും ഫോറം സമക്ഷം ഹാജരാക്കിയിട്ടില്ല. തലേദിവസം പോസ്റ്റ് മാറ്റിയെന്ന് CGRF മുമ്പാകെ കള്ളം പറഞ്ഞു കേസ് തള്ളിച്ചിട്ടുള്ളതാകുന്നു. എന്തു കള്ളവും 'അവരുടെ തന്നെ' CGRF വിശ്വസിക്കുന്നു എന്നത് രാജ്യത്ത് നീതിക്ക് ഒരു വിലയും ഇല്ല എന്നതിന് തെളിവാണ്.

പരാതിയോടൊപ്പം പരാതിക്കാരൻ പ്രയറിൽ ഒരു അമന്റ്മെന്റ് അപ്ലിക്കേഷൻ ഫയൽ ചെയ്തിട്ടുള്ളതാകുന്നു. ആയതിനാൽ ₹60000/- നഷ്ടപരിഹാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ CGRF ന് നഷ്ടപരിഹാരം അനുവദിക്കാൻ അധികാരമില്ല എന്ന് വ്യക്തമാക്കുന്നു. ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ മാത്രമേ നഷ്ടപരിഹാരം അനുവദിക്കാൻ അധികാരം ഉള്ളൂ എന്ന് ഫോറം വ്യക്തമാക്കുന്നു. കള്ളം പറഞ്ഞ കേസ് തള്ളിച്ച് അതിനാൽ പരാതിക്കാരൻ ബഹുമാനപ്പെട്ട ആംബുഡ്സ്മാൻ സമക്ഷം

അപ്പീൽ പരാതിയുമായി എത്തുന്നതിന് നഷ്ടപരിഹാരമായി ₹50000/- കൂടി അനുവദിച്ചു ഉത്തരവാകണം എന്ന് അപേക്ഷിക്കുന്നു. ആകയാൽ ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ എതിർകക്ഷിയെ വിളിച്ചുവരുത്തി വിചാരണ നടത്തി നഷ്ടപരിഹാരമായി മേൽപ്പറഞ്ഞ അന്പതിനായിരം രൂപയും, പ്രയർ അമെന്റ്മെന്റിൽ പറഞ്ഞിട്ടുള്ള 60000 രൂപയും മൊത്തത്തിൽ ₹110000/- രൂപയും പരാതിക്കാരന്റെ വീട്ടിൽ നിന്നും എതിർകക്ഷി കൊണ്ടുപോയ പട്ടിക്കുട്ടിയും (ടി പട്ടിക്കുട്ടി എതിർകക്ഷിയുടെ വീട്ടിലെ പട്ടിക്കൂട്ടിൽ കിടക്കുന്നു) തിരിച്ചേൽപ്പിക്കാൻ ഓംബുഡ്സ്മാൻ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

## <u>എതിർക്കക്ഷിയുടെ വാദം</u>

താഴെ പ്രത്യക്ഷത്തിൽ സമ്മതിക്കുന്നത് ഒഴികെയുള്ള പരാതിയിലെ ആക്ഷേപങ്ങൾ ഇതിനാൽ നിഷേധിക്കുന്നു. ഈ പരാതി കാര്യവശാലോ നിയമവശാലോ നിലനിൽക്കുന്നതല്ല. ബഹുമാനപ്പെട്ട കൊട്ടാരക്കര ഉപഭോക്തൃ തർക്ക പരിഹാര ഫോറം പരാതിക്കാധാരമായ വിഷയം (OP No. : 56/2023) ഇരു ഭാഗത്തേയും വാദം കേട്ട ശേഷം നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ പരാതി വിശദാംശങ്ങളിലേക്ക് കടക്കാതെ തന്നെ തള്ളി ഉത്തരവ് ആകേണ്ടതാണ്. എങ്കിലും ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുമ്പാകെ താഴെപ്പറയുന്ന വസ്തുതകൾ അങ്ങയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. മയ്യനാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള മുക്കം കാക്കോട്ടുമൂല പ്രദേശത്ത് LT bare OH Line LT ABC conductor ഉപയോഗിച്ച് reconducting ചെയ്യുന്ന പ്രവൃത്തി board fund-ൽ പെടുത്തി ചെയ്യാൻ ഉത്തരവായിട്ടുള്ളതാണ്.

പരാതിക്കാരന്റെ വസ്തുവിൽ കൂടി കടന്നു പോകുന്ന പ്രസ്തുത ലൈനിലെ രണ്ടു പോസ്റ്റുകൾ തമ്മിലുള്ള അകലം 40 മീറ്ററിൽ അധികവും ലൈൻ സുരക്ഷയ്ക്ക് ഭീഷണിയായി നിലനിൽ ക്കുന്നതായും അസിസ്റ്റന്റ് എൻജിനീയറിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ Span Length 25 meter ആയി ചുരുക്കി ABC വലിക്കാൻ തീരുമാനിച്ചു. അപ്രകാരം 05/09/2022-ൽ ഒരു പോസ്റ്റ് പരാതിക്കാരന്റെ മതിലിനോട് ചേർന്ന് ലൈനിനടിയിൽ സ്ഥാപിച്ചു. പരാതിക്കാരന്റെ ഭാര്യ ഗേറ്റ് തുറന്നു കൊടുക്കുകയും ടി വ്യക്തിയുടെ സാന്നിദ്ധ്യത്തിലാണ് പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് എന്നും contractor മൊഴി നൽകിയിട്ടുള്ളതാണ്. പരാതിക്കാരന്റെ ഭാര്യ ഈ സമയം പോസ്റ്റ് സ്ഥാപിക്കുന്നതിൽ എതിർപ്പ് ഒന്നും പ്രകടിപ്പിച്ചിരുന്നില്ല. പോസ്റ്റ്

സ്ഥാപിച്ച് ഒരാഴ്ചയ്ക്കുശേഷമാണ് പരാതിയുമായി ശ്രീ. സ്റ്റാന്‍ലി അല്ഫോന്‍സോ സെക്ഷൻ ഓഫീസിനെ സമീപിച്ചത്. ഒരു പുനർചിന്തയുടെ ഭാഗമായാണ് ഈ പരാതി ഉണ്ടായതെന്ന് ന്യായമായും ബോധ്യപ്പെടും.
വീടിന്‍റെ പുറകുവശത്ത് സ്ഥാപിച്ച പ്രസ്തുത പോസ്റ്റിൽ നിന്നും മുൻവശത്തെ ആൾക്ക് എളുപ്പത്തിൽ കറണ്ട് കണക്ഷൻ കൊടുക്കാനുള്ള കെ. എസ്. ഇ. ബി. യുടെ ദുരുദ്ദേശമാണെന്ന തെറ്റിദ്ധാരണയാണ് ഈ പരാതിക്കാധാരം. പോസ്റ്റ് സ്ഥാപിച്ചതിനെതിരെ ബഹുമാനപ്പെട്ട അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ പരാതി സമർപ്പിക്കുകയും എ. ഡി. എം 18-09-2023-ല് അസിസ്റ്റന്‍റ് എക്സിക്യൂട്ടീവ് എൻജിനീയർ, കൊട്ടിയം, അസിസ്റ്റന്‍റ് എന്‍ജിനീയർ, മയ്യനാട് എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെട്ടതുമാണ്. പരാതിക്കാരൻ ഒരു സീനിയർ സിറ്റിസൺ എന്ന നിലയിലും പരാതിക്കാരന്‍റെ പ്രത്യേക മാനസികാവസ്ഥയും പരിഗണിച്ച് ഏതെങ്കിലും രീതിയില് ഈ പോസ്റ്റ് പരാതിക്കാരന്‍റെ പുരയിടത്തിൽ നിന്നും മാറ്റി മറ്റൊരിടത്തേക്ക് സ്ഥാപിക്കാനുള്ള സാധ്യത ഗൗരവമായി പരിഗണിക്കണമെന്ന് ADM വാക്കാൽ നിര്‍ദ്ദേശിച്ചിരുന്നു. മാത്രമല്ല പരിഹാര നടപടി കൈകൊണ്ട് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചു. 12/11/2023-ൽ അസിസ്റ്റന്‍റ് എന്‍ജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, മയ്യനാട് പരാതിക്കാരനെ നേരിട്ട് കണ്ട് പോസ്റ്റ് മാറ്റുന്ന വിവരം അറിയിക്കുകയും അപ്രകാരം 13/11/2023-ല് ഉച്ചയ്ക്കുശേഷം പരാതിക്ക് അടിസ്ഥാനമായ പോസ്റ്റ് അദ്ദേഹത്തിന്‍റെ പുരയിടത്തിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതുമാകുന്നു. അങ്ങനെ അദ്ദേഹത്തിന്‍റെ പരാതി പൂർണമായും പരിഹരിച്ചിട്ടുള്ളതുമാകുന്നു .

വസ്തുതകൾ ഇതാണെന്നിരിക്കെ ബോർഡ് ഉദ്യോഗസ്ഥർക്കെതിരെ യാതൊരു അടിസ്ഥാനവുമില്ലാത്ത അധിക്ഷേപങ്ങളും ആക്ഷേപങ്ങളും അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നു. പ്രസ്തുത ആക്ഷേപങ്ങൾ വ്യാജവും വസ്തുത വിരുദ്ധവുമായതിനാൽ ഇതിനാൽ നിഷേധിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ എന്‍റെ അറിവിൽ പെട്ടിടത്തോളം ശരിയും സത്യവും ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ വെളിച്ചത്തിൽ പരാതി എതിർകക്ഷികൾക്ക് ചിലവ് സഹിതം തള്ളി ഉത്തരവ് ഉണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

# പരാതിക്കാരന്റെ എതിർവാദം

ബഹുമാനപ്പെട്ട കൊട്ടാരക്കര ഉപഭോകതൃ തർക്കപരിഹാര ഫോറം (KSEB-യുടെ) OP. No. 56/2023-ൽ മേൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി കേസിന്റെ വിചാരണ നടന്നപ്പോൾ എതിർകക്ഷി (കക്ഷികൾ) ബഹുമാനപ്പെട്ട ഫോറം സമക്ഷം കളവായ പ്രസ്താവനകൾ നടത്തിയിരുന്നു. അതായത് 14/11/2023 ലെ വിചാരണ സമയത്ത് തലേദിവസം 13/11/2023 തർക്ക വിഷയമായ കോൺക്രീറ്റ് പോസ്റ്റ് നീക്കം ചെയ്തു എന്ന് കള്ളം പറഞ്ഞു. അങ്ങനെയെങ്കിൽ ടി കക്ഷിയിൽ നിന്നും പോസ്റ്റ് നീക്കം ചെയ്തു എന്ന് ഒരു തുണ്ടു പേപ്പറിലെങ്കിലും എഴുതി വാങ്ങി ഹാജരാക്കാൻ നിങ്ങൾ ബാധ്യസ്ഥർ അല്ലേ എന്ന് എനിക്കുവേണ്ടി ബഹുമാനപ്പെട്ട ഫോറം സമക്ഷം ഹാജരായ ശ്രീ. എസ്. സുനിൽകുമാർ ചോദിച്ചപ്പോൾ പോസ്റ്റ് നീക്കം ചെയ്തു എന്ന് കള്ളം പറഞ്ഞതിനാൽ എതിർകക്ഷിക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. എന്തെന്നാൽ നാളിതുവരെ ഈ പോസ്റ്റ് ഇവിടെ നിന്നും മാറ്റിയിട്ടില്ല.

ബഹുമാനപ്പെട്ട ഓംബുഡ്സ്മാനിൽ വിചാരണയ്ക്ക് വരുമ്പോഴും എതിർകക്ഷി പറഞ്ഞ കള്ളം തന്നെ ആവർത്തിക്കാൻ സാധ്യതയുള്ളതാകുന്നു. പോസ്റ്റ് പിഴുത് മാറ്റിയാൽ മാറ്റിയിട്ടുണ്ട് എന്ന് ഓതറൈസ്ഡ് കത്ത് കൊടുക്കാൻ ഞാൻ തയ്യാറുമാണ്. എന്റെ വീട്ടുമുറ്റത്ത് അനധികൃതമായി സ്ഥാപിച്ച പോസ്റ്റ് മാറ്റാതെ മാറ്റിയെന്ന കള്ളം ബഹുമാനപ്പെട്ട ഫോറത്തിലും ഇപ്പോൾ ബഹുമാനപ്പെട്ട ഓംബുഡ്സ്മാനിലും ടി കള്ളം ആവർത്തിക്കപ്പെടും.

ബഹുമാനപ്പെട്ട ഫോറം സമക്ഷം ടി എതിർകക്ഷി പോസ്റ്റ് മാറ്റിയതായി എന്നിൽ നിന്നും സ്റ്റേറ്റ്മെന്റ് എഴുതിയത് ഹാജരാക്കാം എന്ന് സമ്മതിച്ചിരുന്നതും, നാളിതുവരെ സാധിക്കാത്തതുമാണ്. എന്തെന്നാൽ നാളിതുവരെ പോസ്റ്റ് മാറ്റിയിട്ടില്ലാത്തതാണ് കാരണം. കൊല്ലം ADM അല്ല ചീഫ് സെക്രട്ടറി ആയിരുന്നാലും അനധികൃതമായി എന്റെ വസ്തുവിൽ സ്ഥാപിച്ച പോസ്റ്റ് നിലനിർത്താൻ എന്നെ ഉപദേശിക്കാൻ/ ഉത്തരവിടാൻ ഒരു അധികാരവും ഇല്ലാത്തത് ആകുന്നു. KSEB-യുടെ ലൈൻ പിടുത്തത്തിലെ സാങ്കേതികതകൾ ഞാൻ പഠിക്കേണ്ടതല്ല (വയസ്സ് 69 കഴിഞ്ഞു ഇനി പഠിച്ചിട്ടു കാര്യമില്ല). എന്റെ അനുമതി വാങ്ങാതെ എന്റെ വീടിനെ കറണ്ട് കമ്പി കൊണ്ട് ചുറ്റാൻ ശ്രമിച്ചത് നീതിക്ക് നിരക്കുന്നതല്ല.

വീട്ടുമുറ്റത്ത് പോസ്റ്റ് കുഴിച്ചിട്ടപ്പോൾ പരാതിക്കാരന്റെ ഭാര്യ വീട്ടിലുണ്ടായിരുന്നു എന്ന സങ്കല്പം എങ്ങനെയുണ്ടായതാണെന്ന് വ്യക്തമല്ല. വീട്ടിൽ ആരും

ഇല്ലാതിരുന്നതിനാലാണ് മൺവെട്ടിയും, പിക്കാസും, പട്ടിക്കുട്ടിയെയും തട്ടിക്കൊണ്ടു പോയത്. പരാതി പൂർണ്ണമായും പരിഹരിച്ചിട്ടുള്ളതാകുന്നു എന്ന പ്രസ്താവന KSEB-യുടെ വിവരക്കേടിൽ നിന്നും ഉടലെടുത്തത് ആവുന്നു. കൂടാതെ പട്ടി, മൺവെട്ടി, പിക്കാസ് എടുത്തുകൊണ്ടു പോയ കാര്യം എങ്ങും പറഞ്ഞിട്ടില്ലാത്തതിനാൽ ആരോപണങ്ങൾ/സത്യങ്ങളെല്ലാം അംഗീകരിക്കുന്നു എന്ന് അനുമാനിക്കാം.

ഇനിയെങ്കിലും ടി തർക്കവസ്തുവായ പോസ്റ്റ് എന്റെ മുറ്റത്ത് നിന്നും പിഴുതു മാറ്റാനും, എതിർകക്ഷിയുടെ മയ്യനാട് ധവളക്കുഴിയിലുള്ള വീട്ടുമുറ്റത്തെ പട്ടിക്കൂട്ടിൽ കിടക്കുന്ന എന്റെ പട്ടിയെ തിരിച്ചു തരാനും, മൺവെട്ടി പിക്കാസ് തിരികെ തരാനും നിർദ്ദേശം കൊടുക്കണമെന്ന് അപേക്ഷിക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായി എന്നെയും കുടുംബത്തെയും ആക്ഷേപിക്കുന്ന തരത്തിലുള്ള എതിർകക്ഷിയുടെയും, KSEB മയ്യനാട് സെക്ഷനിൽ ഉള്ള ഉദ്യോഗസ്ഥരുടെയും പ്രവർത്തി മൂലം എനിക്ക് വന്നിട്ടുള്ള സാങ്കേതിക, മാനസിക, സാമ്പത്തിക നഷ്ടം നികത്താൻ അപ്പീൽ പെറ്റീഷനിലെ പ്രയർ പൂർണമായും അനുവദിച്ച് ഉത്തരവാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## <u>വിശകലനവും കണ്ടെത്തലുകളും</u>

അപ്പീൽ പരാതിയുടെ വാദം 14/03/2024-ന് രാവിലെ 11:30-ന് KSEBL, പരുത്തിപ്പാറ,തിരുവനന്തപുരം,IB-യിൽവെച്ച് നടന്നു. പരാതിക്കാരന്റെ ഭാഗത്തുനിന്നും ശ്രീ. എസ്. സുനിൽകുമാർ എതിർ കക്ഷിയായ ശ്രീമതി. ജാസ്മിൻ എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊട്ടിയം കൂടാതെ ശ്രീ. അജിത് എൻ., അസിസ്റ്റന്റ് എഞ്ചിനീയർ,, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, മയ്യനാട് എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

ലൈസൻസിയുടെ മയ്യനാട് സെക്ഷനിലെ വൈദ്യുത ഉപഭോക്താവായ പരാതിക്കാരന്റെ വീടിനു പുറകിലൂടെ ഒരു വൈദ്യുത ലൈൻ കടന്നുപോകുന്നു. ഈ ലൈനിൽ തന്നെ അയൽവാസിയുടെ പറമ്പിൽ സ്ഥിതി ചെയ്യുന്ന പോസ്റ്റിൽ നിന്ന് അവരുടെ അനുമതിയോടെയാണ് ടിയാൾ കണക്ഷൻ എടുത്തിട്ടുള്ളത്. ഈ ലൈനിൽ പോസ്റ്റുകൾ തമ്മിലുള്ള അകലം ഏകദേശം 40 മീറ്റർ ആണ്. അതിനാൽ തന്നെ ഈ ലൈൻ വളരെ താഴ്ന്നു കാണപ്പെടുന്നു. അപകടങ്ങൾ ഒഴിവാക്കുന്നതിനും കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഈ ലൈനിനെ ABC ആക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. തൊട്ടടുത്ത പോസ്റ്റ് വരെ ABC യാക്കി

മാറ്റിയിട്ടുണ്ട്. ഇവിടെ അകലം 40 മീറ്റർ ആയതിനാൽ ഇതിനിടയ്ക്ക് ഒരു പോസ്റ്റ് കൂടി സ്ഥാപിച്ചാൽ മാത്രമേ ഇവിടെ ABC വലിക്കാനും, ലൈൻ ഉയർത്തി നിർത്താനും കഴിയുകയുള്ളൂ. അതിനാലാണ് ഇവിടെ ഒരു പോസ്റ്റ് സ്ഥാപിക്കാൻ ശ്രമിച്ചത്. അതിക്രമിച്ച് കടക്കുകയല്ല മറിച്ച് പരാതിക്കാരന്റെ സഹധർമ്മിണി ഉള്ളപ്പോഴാണ് പോസ്റ്റിടാൻ വന്നതെന്നും, അവർ ഗേറ്റ് തുറന്നു കൊടുക്കുകയാണ് ഉണ്ടായതെന്നും ലൈസൻസി പറയുന്നത് വിശ്വസിക്കേണ്ടിവരുന്നു.

പരാതിക്കാരൻ ജില്ലാ കളക്ടർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ADM സ്ഥലത്തെത്തി പരിശോധിക്കുകയും പുതുതായി സ്ഥാപിച്ച പോസ്റ്റ് ഇളക്കി മാറ്റാൻ വാക്കാൽ നിർദേശിക്കുകയും ചെയ്തു. ഈ നിർദ്ദേശം നടപ്പിലാക്കി 13/11/2023-ൽ തന്നെ AE റിപ്പോർട്ട് നൽകിയിട്ടുള്ളതുമാകുന്നു. CGRF-ന് കൊടുത്ത റിപ്പോർട്ടിലും എതിർകക്ഷി ഈ പോസ്റ്റ് 13/11/2023-ൽ തന്നെ മാറ്റിയതായി പറയുന്നു. അങ്ങനെ പോസ്റ്റ് മാറ്റിയതിനാൽ തന്നെ CGRF-പരാതി തള്ളിക്കളഞ്ഞിട്ടുള്ളതാകുന്നു. എന്നാൽ പരാതിക്കാരൻ പോസ്റ്റ് മാറ്റിയിട്ടില്ല എന്ന അസത്യമായ പരാതിയുമായിട്ടാണ് ഓംബുഡ്സ്മാനെ അപ്പീലുമായി സമീപിച്ചിട്ടുള്ളത്. ഇവിടെയും എതിർകക്ഷി പോസ്റ്റുമാറ്റി എന്ന വിവരം വീണ്ടും ആവർത്തിച്ചാണ് സത്യപ്രസ്താവന നൽകിയിട്ടുള്ളത്. അത് പരാതിക്കാരൻ അംഗീകരിക്കാതെ പോസ്റ്റ് അവിടെ തന്നെ സ്ഥിതി ചെയ്യുന്നു എന്ന അസത്യം ആവർത്തിക്കുകയും ചെയ്തു. ഓംബുഡ്സ്മാന്റെ സ്ഥലപരിശോധനയിൽ ഈ പറയുന്ന പോസ്റ്റ് മാസങ്ങൾക്ക് മുമ്പ് തന്നെ മാറ്റിയതായി കാണാൻ കഴിഞ്ഞു. പിന്നെ പരാതിക്കാരന്റെ ചില സാധനസാമഗ്രികൾ പണിക്ക് വന്നവർ എടുത്തുകൊണ്ടുപോയി എന്ന് പറയുന്നുണ്ടെങ്കിലും അതിന് തെളിവൊന്നും ഹാജരാക്കാൻ കഴിഞ്ഞില്ല മാത്രമല്ല അതും അസത്യമാണെന്ന് എതിർകക്ഷി വാദിക്കുന്നു. ആ വാദം അംഗീകരിക്കേ തന്നെ ഇനിയും പരാതിയുണ്ടെങ്കിൽ പരാതി മറ്റു നിയമ സംവിധാനത്തിൽ സമർപ്പിക്കേണ്ടതാണ്.

പരാതിക്കാരൻ അസത്യമായ പ്രസ്താവന സമർപ്പിച്ചു എന്നതു മാത്രമല്ല അത് തിരുത്താൻ തയ്യാറാകാതെ അതിൽ തന്നെ ഉറച്ചു നിന്നു കൊണ്ട് ലൈസൻസിയുടെ ഉദ്യോഗസ്ഥർക്കും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയാണ് ചെയ്തത്. അതിനാൽ തന്നെ ലൈസൻസിക്കും മറ്റും ഉണ്ടായ അസൗകര്യങ്ങളുടെ ചെലവ് പരാതിക്കാരൻ വഹിക്കേണ്ടതാണ്.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. പരാതിക്കാസ്പദമായ പോസ്റ്റ് മാറ്റിസ്ഥാപിച്ചിരിക്കുന്നതിനാൽ ഈ പരാതി തള്ളി തീർപ്പാക്കിയിരിക്കുന്നു.
2. പരാതിക്കാരൻ അസത്യമായി അപ്പീൽ പരാതി നൽകി ലൈസൻസിയെ ബുദ്ധിമുട്ടിച്ചതിനാൽ ലൈസൻസിയുടെ ഉദ്യോഗസ്ഥർക്കുണ്ടായ അസൗകര്യങ്ങളുടെ ചെലവ് കണക്കാക്കി അത് പരാതിക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് എങ്ങനെ ആയാലും പരമാവധി ₹3000/- ക്കകത്തായിരിക്കണം.
3. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/02/2024/ തീയതി: 02/04/2024.

**അയക്കുന്നത്:**

1. ശ്രീ. സ്റ്റാൻലി അൽഫോൻസാ, വിവിൻ നിവാസ്, കാക്കോട്ടുമൂല, മയ്യനാട് പി.ഓ., കൊല്ലം ജില്ല-691303.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കൊട്ടിയം, കൊല്ലം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര- 691 506.